NISH ONLINE INTERACTIVE DISABILITY AWARENESS SEMINAR- NIDAS

TITLE: കുട്ടികളിലെ ഉച്ചാരണ പ്രശ്നങ്ങൾ – ലക്ഷണങ്ങൾ, കാരണങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ

Vocational Paper Series No: 08 Vol: 2016/06

**ഉച്ചാരണം – സ്വാഭാവികമായ വികാസം**

വളർച്ചയുടെ ആ്യ ഘട്ടങ്ങളിൽ കുട്ടികൾ വാക്കുകൾ ഉച്ചാരണ ശുദ്ധിയോടെ അല്ല പറഞ്ഞു തുടങ്ങുന്നത്. ചെറിയ കുട്ടികളിൽ ഭാഷ വികസിക്കുന്നതിനോടൊപ്പമാണ് സംസാരത്തിന് ഉച്ചാരണശുദ്ധി കൈ വരുന്നത്. മൂന്ന് വയസ്സ് ആകുമ്പോഴേയ്ക്കും കുട്ടി 75%വും നാല് വയസ്സ് ആകുമ്പോഴേയ്ക്കും 100%വും ഉച്ചാരണശുദ്ധി കൈവരിക്കും. 5–6 വയസ് ആകുമ്പോഴേയ്ക്കും കുട്ടികൾ മുതിർന്ന ഒരാൾ സംസാരിക്കുന്ന ഉച്ചാരണശുദ്ധിയോടെ എല്ലാ ശബ്ദങ്ങളും സംസാരിക്കാൻ തുടങ്ങും.

| **പതിവായി കേൾക്കുന്നവർക്ക്  ഗ്രഹിക്കാൻ കഴിയുന്നത്** |
|---|
| 18 മാസമാകുമ്പോൾ: 25% സ്പഷ്ടത<br>24 മാസമാകുമ്പോൾ: 50 – 75% സ്പഷ്ടത<br>36 മാസമാകുമ്പോൾ: 75 – 100% സ്പഷ്ടത |
| **പതിവായി കേൾക്കാത്തവർക്ക് ഗ്രഹിക്കാൻ കഴിയുന്നത്** |
| 1 വയസ്സാകുമ്പോൾ: 25% സ്പഷ്ടത<br>2 വയസ്സാകുമ്പോൾ: 50% സ്പഷ്ടത<br>3 വയസ്സാകുമ്പോൾ: 75% സ്പഷ്ടത<br>4 വയസ്സാകുമ്പോൾ: 100% സ്പഷ്ടത |

മൂന്ന് വയസ്സ് ആകുമ്പോഴേയ്ക്കും ഒരു അപരിചിതന് കുട്ടിയുടെ സംസാരം 75% എങ്കിലും മനസ്സിലാകുന്നില്ല എങ്കിൽ കുട്ടിയിൽ ഉച്ചാരണ പ്രശ്നങ്ങൾ ഉണ്ടെന്ന് തിരിച്ചറിയാം.

## ഉച്ചാരണ പ്രശ്നങ്ങൾ – കാരണങ്ങൾ

1. ഭാഷാ വികാസം താമസിക്കുകയാണെങ്കിൽ
2. വായുടെ ഘടനയിലുള്ള വ്യത്യാസങ്ങൾ (നിരയൊക്കാത്ത  പല്ലുകൾ, നാക്കിൽകെട്ട്, മുച്ചുണ്ട്, അണ്ണാക്കിലുണ്ടാകുന്ന മുറിവ്, ഉയർന്ന അണ്ണാക്ക്, നാവിൻറെ മുൻപോട്ടുള്ള തള്ളൽ, താടിയെല്ലിലെവ്യത്യാസങ്ങൾ)
3. കേൾവിക്കുറവ്
4. ബുദ്ധിക്കുറവ്

5. സെറിബ്രൽ പാൾസി
6. കൃത്യമായ ഉച്ചാരണ മാതൃകയുടെ അഭാവം, മുതലായവ
7. പാരമ്പര്യം

## ഉച്ചാരണ പ്രശ്നങ്ങൾ --തിരിച്ചറിയാം പരിഹരിക്കാം

കുട്ടി തന്റെ പ്രായത്തിനനുസൃതമായ സംസാരശേഷി പ്രകടിപ്പിക്കാതിരിക്കുക, ഉച്ഛാരണ പ്രശ്നങ്ങൾ മറി കടക്കേണ്ട പ്രായമായി കഴിഞ്ഞിട്ടും അതു തുടരുക, കുട്ടിക്ക് തന്റെ പ്രായത്തിനനുസൃതമായി വ്യക്തത സംസാരത്തിൽ കൈവരിക്കാതെ ഇരിക്കുക എന്നിവ ഉണ്ടാകുകയാണെങ്കിൽ കുട്ടിയിൽ ഉച്ചാരണ പ്രശ്നങ്ങൾ ഉണ്ടെന്ന് തിരിച്ചറിയാം. മൂന്ന്വയസിനുള്ളിൽ കുട്ടിയുടെ സംസാരത്തിലെ വ്യത്യാസങ്ങൾ കണ്ടെത്തുകയും പരിശീലനം നൽശുകയും വേണം. ഒരു സ്പീച്ച് ലാംഗ്വേജ് പത്തോളജിസ്റ്റിന്റെ സഹായത്തോടെ സംസാരത്തിലെ ഉച്ചാരണ ശുദ്ധിക്കുറവ് കണ്ടെത്തുകയും വേണ്ട പരിശീലനം സ്വീകരിക്കുകയും ചെയ്യാം.

## ഉച്ചാരണ പ്രശ്നങ്ങൾ -- പരിഹാര മാർഗങ്ങൾ

പരിഹാര മാർഗങ്ങൾ നിശ്ചയിക്കുന്നതിന് താഴെപ്പറയുന്ന വസ്തുതകൾ കണക്കിലെടുക്കുന്നു:

- ഉച്ചാരണ പ്രശ്നത്തിൻറെ ഗൗരവത്തിനനുസരിച്ച്
- ഉച്ചാരണ പ്രശ്നത്തിൻറെ സ്വഭാവം നോക്കി
- ഉച്ചാരണ പ്രശ്നത്തിൻറെ കാരണം നോക്കി
- കുട്ടിയുടെ പ്രായത്തിനനുസരിച്ച്
- കുട്ടിയുടെഉച്ചാരണസ്ഫുടതകണക്കാക്കി

ഘടനപരമായ വ്യത്യാസങ്ങൾ പരിഹരിച്ചതിനു ശേഷമാണ് സ്പീച്ച് തെറാപ്പി തുടങ്ങുക. സ്പീച്ച് തെറാപ്പിയിൽ തെറ്റായി ഉച്ചരിക്കുന്ന ശബ്ദങ്ങൾ കണ്ടെത്തിയാണ് കുട്ടിക്ക് പരിശീലനം നൽകുന്നത്. ഉദാ: ആദ്യമായി ആ ശബ്ദം എങ്ങനെയാണ് പറയേണ്ടത് എന്ന് കുട്ടിക്ക് വിശദീകരിച്ച് കൊടുക്കുക. ശബ്ദം ഉണ്ടാക്കുമ്പോൾ പല്ല്, ചുണ്ട്, നാക്ക് എന്നീഅവയവങ്ങളുടെ ചലനം എങ്ങനെയാണ് എന്നത് ഒരു കണ്ണാടിയുടെ സഹായത്തോടെ കുട്ടിക്ക് കാണിച്ചുകൊടുക്കുക. ഇത് ഉച്ചാരണശുദ്ധി വരുത്തുന്നതിനുള്ള ഒരു രീതി മാത്രമാണ്. ആദ്യം തെറ്റായി ഉച്ചരിക്കുന്ന ശബ്ദം ശരിയാക്കാൻ കുഞ്ഞിണ പരിശീലിപ്പിക്കുക. തുടർന്ന് ഈ ശബ്ദം വാക്കുകളിലും വാക്യങ്ങളിലും ഉപയോഗിക്കാൻ പരിശീലിപ്പിക്കുക.

പരിശീലനത്തിന് കൃത്യമായി ഒരു സമയപരിധി നിർണയിക്കാൻ സാധിക്കില്ല. കുട്ടി സ്പീച്ച് തെറാപ്പിയിൽ നിന്ന് എങ്ങനെ പുരോഗതി കൈവരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും പരിശീലനത്തിന്റെ സമയപരിധി. കുട്ടിക്ക് ഉച്ചാരണ പ്രശങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾക്ക് അനുസരിച്ചും പരിശീലന ദൈർഘ്യം വ്യത്യാസപ്പെടാം.

**ഉച്ചാരണശുദ്ധിക്കുറവും  പഠനവൈകല്യവും**

ഉച്ചരിക്കുന്ന ശബ്ദങ്ങൾ ആണ് അക്ഷരങ്ങളായി എഴുതുന്നത്. ഉച്ചരിക്കുന്നത് ശരിയല്ലെങ്കിൽ കുട്ടികൾ തെറ്റായി എഴുതാനും വായിക്കാനും തുടങ്ങുകയും അത് കുട്ടിയുടെ പഠനത്തെ ബാധിക്കുകയും ചെയ്യുന്നു. ചില കുട്ടികളിൽ ഉച്ചരണശുദ്ധിക്കുറവ് പഠനവൈകല്യത്തിലേയ്ക്ക് നയിക്കാം.